ഭരണഭാഷ മാതൃഭാഷ

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

KERALA STATE BIODIVERSITY BOARD

A statutory and autonomous body, Government of Kerala

നം. സി 3/153/ 2026/കെ.എസ്.ബി.ബി. 22-07-2026

**<u>നോട്ടിഫിക്കേഷൻ</u>**

**<u>കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജൈവവൈവിധ്യ പരിപാലന സമിതികൾക്ക് ബ്ലോക്ക്തല പരിശീലനം നൽകുന്നതിനായി തൽപ്പരരായിട്ടുള്ള അക്കാദമിക, ഗവേഷണ, പരിശീലന സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരിൽ നിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു:</u>**

ജൈവവൈവിധ്യ നിയമം 2002 (ഭേദഗതി നിയമം 2023), വകുപ്പ് 41 (1), കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008, ചട്ടം 20 (1) എന്നിവ പ്രകാരം സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളുൾപ്പെടെയുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി.കൾ). ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുക, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗം പ്രോത്സാഹിപ്പിക്കുക, ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ തുല്യവും നീതിയുക്തവുമായ പങ്കിടൽ നടപ്പിലാക്കുക തുടങ്ങിയ ജൈവവൈവിധ്യ നിയമത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പ്രാദേശികതലത്തിൽ നടപ്പാക്കുന്നതിനുള്ള നിർവ്വഹണ സംവിധാനമാണ് ബി.എം.സി. കൾ. *ആവാസകേന്ദ്രങ്ങൾ, സസ്യ-ജന്തുജാലങ്ങൾ, പരമ്പരാഗതയിനങ്ങൾ, കർഷകയിനങ്ങൾ, വിളകൾ, വളർത്തുമൃഗങ്ങൾ, സൂക്ഷ്മജീവികൾ തുടങ്ങിയ ജീവജാലങ്ങളുടെ സംരക്ഷണം, സുസ്ഥിരോപയോഗം, അവയുടെ രേഖപ്പെടുത്തൽ, ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകളുടെ ക്രോഡീകരണം* എന്നിവയാണ് ജൈവവൈവിധ്യ (ഭേദഗതി) നിയമം 2023, വകുപ്പ് 41 (1 എ) പ്രകാരമുള്ള ബി.എം.സി.കളുടെ സുപ്രധാന ചുമതലകൾ.

ജൈവവൈവിധ്യ നിയമവും ചട്ടങ്ങളും പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി സംസ്ഥാനത്തെ ബി.എം.സി. കളെ സജ്ജീകരിക്കുന്നതിനുവേണ്ട ശാക്തീകര പ്രവർത്തനങ്ങൾ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നിരന്തരം നടത്തി വരുന്നുണ്ട്. ഇത്തരത്തിൽ 2026 ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുനർരൂപീകരിച്ചിട്ടുള്ള ബി.എം.സി. കൾക്കുവേണ്ടി ബ്ലോക്ക് തലത്തിൽ പരിശീലനം സംഘടിപ്പിക്കുന്നതിനായി തൽപ്പരരായിട്ടുള്ള അക്കാദമിക, ഗവേഷണ, പരിശീലന സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരിൽ നിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു.

**നിബന്ധനകൾ:**

1. അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുള്ള നിർദ്ദിഷ്ട മാതൃകയിൽ സ്ഥാപനങ്ങളാവണം

പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടത്.

2. ഒരു ബി.എം.സി. യിൽ (ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത്/ ജില്ലാപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ബി.എം.സി.കൾ) നിന്നും ചെയർപേഴ്സൺ, സെക്രട്ടറി, കൺവീനർ എന്നിവരിൽ നിന്നും കുറഞ്ഞത് 2 അംഗങ്ങളെ പരിശീലനത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്. ആയതിനാൽ പരമാവധി 25-30 ബി.എം.സി. കളെ വരെ ഉൾപ്പെടുത്തിയാവണം ഒരു പരിശീലന പരിപാടി സംഘടിപ്പിക്കേണ്ടത്. ജില്ലാതലത്തിലെ ബി.എം.സി. കളുടെ എണ്ണവും ആവശ്യമായ പരിശീലനങ്ങളുടെ എണ്ണവും ചുവടെ ചേർക്കുന്നു:

| ക്രമ നം. | ജില്ല & ബി.എം.സി. കളുടെ എണ്ണം | പരിശീലനങ്ങളുടെ എണ്ണം | ക്രമ നം. | ജില്ല | പരിശീലനങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം (90) | 3-4 | 8 | തൃശ്ശൂർ (111) | 4-5 |
| 2 | കൊല്ലം (85) | 3-4 | 9 | പാലക്കാട് (109) | 4-5 |
| 3 | പത്തനംതിട്ട (66) | 2-3 | 10 | മലപ്പുറം (122) | 4-5 |
| 4 | ആലപ്പുഴ (91) | 3-4 | 11 | കോഴിക്കോട് (91) | 3-4 |
| 5 | കോട്ടയം (89) | 3-4 | 12 | വയനാട് (31) | 1-2 |
| 6 | ഇടുക്കി (63) | 2-3 | 13 | കണ്ണൂർ (93) | 3-4 |
| 7 | എറണാകുളം (111) | 4-5 | 10 | കാസർഗോഡ് (48) | 2-3 |

3. ഏകദിന പരിശീലന പരിപാടിയാവണം സംഘടിപ്പിക്കേണ്ടത്. ഒരു പരിശീലനത്തിന് കുറഞ്ഞത് 2 റിസോഴ്സ് പേഴ്സൺമാരെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്.
4. പരിശീലനം നൽകുന്നതിനുള്ള റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുക്കുന്ന സ്ഥാപനം/ സന്നദ്ധ സംഘടന കണ്ടെത്തേണ്ടതാണ്. സ്ഥാപനം / സന്നദ്ധ സംഘടന കണ്ടെത്തിയിട്ടുള്ള റിസോഴ്സ് പേഴ്സൺമാരുടെ വിശദാംശങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്.
5. കെ.എസ്.ബി.ബി. ലഭ്യമാക്കുന്ന നിർദ്ദിഷ്ട പരിശീലന മൊഡ്യൂൾ പ്രകാരമുള്ള ഒരു സെഷനും, പ്രാദേശിക പരിസ്ഥിതി-ജൈവവൈവിധ്യ സാഹചര്യങ്ങൾക്കനുസൃതമായി, പ്രശ്നങ്ങളും സാധ്യതകളും പരിഹാരങ്ങളും കണ്ടെത്തി ബി.എം.സി.കൾക്ക് നടപ്പാക്കാവുന്ന ജൈവവൈവിധ്യ സംരക്ഷണ പരിപാലന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള ഒരു സെഷനും പരിശീലനത്തിന്റെ ഭാഗമായി സംഘടിപ്പിക്കേണ്ടതാണ്.
6. 50-60 പേർ വരെ പങ്കെടുക്കുന്ന ഒരു പരിശീലന പരിപാടിയുടെ സംഘാടനത്തിനായി പരമാവധി 20,000/- രൂപ വരെ അനുവദിക്കുന്നതാണ്. Travelling expenditure, Training materials, refreshment for participants, honorarium for resource persons, documentation, തുടങ്ങിയ ചെലവുകൾക്കായി ഫണ്ട് വിനിയോഗിക്കേണ്ടതാണ്.
7. ഓരോ പരിശീലന പരിപാടിയിലും ബി.എം.സി. അംഗങ്ങളെ കൃത്യമായും പങ്കെടുപ്പിക്കേണ്ടത് തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്.

8. തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾ രണ്ടു മാസത്തിനകം പരിശീലന പരിപാടികൾ പൂർത്തിയാക്കേണ്ടതാണ്.
9. പരിശീലന പരിപാടിയ്ക്കായി തെരഞ്ഞെടുക്കുന്ന ജില്ല, ഏറ്റെടുത്ത് നടത്തുവാനുദ്ദേശിക്കുന്ന പരിശീലന പരിപാടികളുടെ എണ്ണം എന്നിവ അപേക്ഷയിൽ കൃത്യമായും വ്യക്തമാക്കേണ്ടതാണ്.
10. ഓരോ ജില്ലയിലെയും പരിശീലനത്തിനായി അതത് ജില്ലകളിൽ നിന്നുള്ള അപേക്ഷകർക്കാകും മുൻഗണന നൽകുക.
11. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകളിൽ നിന്നും അനുയോജ്യമായവ ബോർഡിന്റെ വിദഗ്ദതല സമിതി തിരഞ്ഞെടുക്കുന്നതാണ്. പ്രൊപ്പോസലുകൾ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ചും അനുവദിക്കുന്ന പരിശീലനങ്ങളുടെ എണ്ണം സംബന്ധിച്ചും ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കും.

മേൽ നിബന്ധനകൾക്ക് വിധേയമായി താൽപ്പര്യമുള്ള സ്ഥാപനങ്ങൾ/ സന്നദ്ധസംഘടനകൾക്ക് കെ.എസ്.ബി.ബി. വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള **ലിങ്കിലൂടെ ഓൺലൈനായി** അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓൺലൈനിൽ അപേക്ഷ സമർപ്പിക്കുന്നവർ **അനുബന്ധമായി** ചേർത്തിട്ടുള്ള മാതൃകയിൽ പ്രസ്തുത പ്രൊപ്പോസലിന്റെ ഹാർഡ് കോപ്പി കൂടി താഴെപ്പറയുന്ന വിലാസത്തിൽ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

ഹാർഡ് കോപ്പിയുൾപ്പെടെയുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ട അവസാന തീയതി:

**15.08.2026**

പ്രൊപ്പോസലുകൾ അയയ്ക്കേണ്ട വിലാസം:

**മെമ്പർ സെക്രട്ടറി**
**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**
**'കൈലാസം', ടി.സി. 24/3219, നം.43, ബെൽഹാവൻ ഗാർഡൻസ്**
**കവടിയാർ പി.ഒ., തിരുവനന്തപുരം** - 695 003

**വെബ് സൈറ്റ് –** www.keralabiodiversity.org

Digitally signed by
V BALAKRISHNAN
Date: 22-07-2026
20:22:31

**മെമ്പർ സെക്രട്ടറി**

അനുബന്ധം

**Format for submitting proposal for conducting BMC training programmes**

| | | | |
|---|---|---|---|
| 1 | Name & address of the Institution | : | |
| 2 | Mention whether the institution is academic/ research/ training/ NGO | | |
| 3 | Mention whether the institution is Govt./Aided/Public Undertaking/Private. | | |
| 4 | Registration details of the applicant (For NGOs) | | |
| 5 | District opted for conducting BMC training programmes. | | |
| 6 | Name, Designation, e-mail & mobile number of the Resource persons identified for the conduct of BMC training programmes (minimum 2 nos.) | | |
| 7 | Proposed training calendar | | |
| 8 | Give a SWOT analysis report of your institution for undertaking the BMC training programme | | |
| 9 | Mention your previous experience in working with BMCs/ local bodies (if any) | | |
| 10 | Give a brief note on why you are willing to undertake the BMC training programme. | | |
| 11 | Date of Submission of the proposal | | |

Name and Signature of the Head of the Institution

(With seal)

(Office Seal)